(ബി) പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി തൊഴിലിന് കാത്ത് ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുണ്ടായിരിക്കെ തൊഴിൽ വകുപ്പ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ നേരിട്ട് നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 31-12-2014 വരെ 3714541 ഉദ്യോഗാർത്ഥികളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിരക്ഷരർ | 194 |
| എസ്.എസ്.എൽ.സി.-ക്കു താഴെ | 400970 |
| എസ്.എസ്.എൽ.സി. | 2323612 |
| പ്രീഡിഗ്രി/+2 | 694202 |
| ബിരുദം | 231708 |
| ബിരുദാനന്തര ബിരുദം | 63855 |

(ബി) ഉണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ഇ.എം.ഐ. പരിശോധന നടത്തി പ്രസ്തുത ഒഴിവുകളും എംപ്ലോയമെന്റ് എക്സ്ചേഞ്ചിൽ നോട്ടിഫൈ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**തൊഴിലില്ലായ്മ വേതനം**

**254 (946)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ വേതനം ഏത് കാലയളവുവരെ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

(ബി) കുടിശ്ശിക എന്ന് നൽകാനാകും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ മാർച്ച് 2014 വരെയുള്ള തൊഴിൽരഹിത വേതനം നൽകിയിട്ടുണ്ട്.

(ബി) 2014 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള അഞ്ച് മാസക്കാലത്തെ തൊഴിൽരഹിത വേതനം അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

## തൊഴിൽ വകുപ്പിൽ 2014-15 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം

**255 (947)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽവകുപ്പിൽ 2014-15 സാമ്പത്തികവർഷം ഓരോന്നിനും അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ച തുക, ചെലവഴിക്കാനുള്ള തുക, ചെലവഴിച്ച ശതമാനം എന്നീ ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക, ചെലവഴിച്ച ശതമാനം എന്നീ ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

## ഐ.ടി.ഐ.കളിലെ വെർച്വൽ ക്ലാസ്സ് റൂം

**256 (952)** ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വെർച്വൽ ക്ലാസ്സ് റൂമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly